## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പുനർനിയമന ഉത്തരവ് പുറപ്പെടുവിക്കുന്നത്

വായന : 1. ഉത്തരവ് നമ്പർ. സി5/7/2015/ഡി.പി.ഐ.(1) തീയതി.02/05/2015

2. ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് നമ്പർ. എ1/5731/2014 തീയതി.05/05/2015

3. മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത് നമ്പർ. എ2/1990/2015 തീയതി.13/05/2015

## ഉത്തരവ് നമ്പർ. സി5/7/2015(2)/ഡി.പി.ഐ. തീയതി.14/05/2015

സൂചന (1) ഉത്തരവിൽ, ഇരിങ്ങാലക്കുട ജില്ലാ പാഠപുസ്തക ഡിപ്പോയിലെ സ്റ്റോർ കീപ്പർ ആയ ശ്രീ. മനോഹരന്റെ ജനന തീയതി തെറ്റായി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2015 ഏപ്രിൽ 30-ന് ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കി ഇരിങ്ങാലക്കുട ജില്ലാ പാഠപുസ്തക ഡിപ്പോയിൽ ശ്രീ. കെ.ആർ. വിനോദിനെ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി സ്റ്റോർകീപ്പറായി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു.

എന്നാൽ, സൂചന (2) പ്രകാരം, ഇരിങ്ങാലക്കുട ജില്ലാ പാഠപുസ്തക ഡിപ്പോയിലെ സ്റ്റോർ കീപ്പർ ആയ ശ്രീ. മനോഹരന്റെ ജനന തീയതി 31/05/1968 ആണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മനോഹരനെ ഇരിങ്ങാലക്കുട ജില്ലാ പാഠപുസ്തക ഡിപ്പോയിൽ സ്റ്റോർ കീപ്പറായി തുടരാൻ അനുവദിച്ചുകൊണ്ടും, ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. കെ.ആർ. വിനോദിനെ (റാങ്ക് നമ്പർ. 665/96-05) സ്റ്റോർ കീപ്പറായി പാലാ ജില്ലാ പാഠപുസ്തക ഡിപ്പോയിൽ പുനർ നിയമനം നൽകിക്കൊണ്ടും,

പാലാ ജില്ലാ പാഠപുസ്തക ഡിപ്പോയിൽ ജൂനിയർ സൂപ്രണ്ട് (സ്റ്റോർ കീപ്പർ) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ശ്രീ. എസ്.ജി. ശ്രീകുമാറിനെ (റാങ്ക് നമ്പർ.667/96-05, പാഠപുസ്തക ഓഫീസ്, തിരുവനന്തപുരം) ജൂനിയർ സൂപ്രണ്ട് ആയി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ പുനർനിയമനം നൽകിക്കൊണ്ടും, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സ്ഥാനക്കയറ്റം (ജൂനിയർ സൂപ്രണ്ട്) നൽകി നിയമിച്ച ശ്രീ. വി. സൈനുദ്ദീനെ (റാങ്ക് നമ്പർ.668/96-05, ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരൂർ) മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂചന (3) പ്രകാരം ഉണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി പുനർ

നിയമനം നൽകി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ അടിയന്തിരമായി വിടുതൽ ചെയ്ത് പുതിയ ജോലിയിൽ/ഓഫീസിൽ ഹാജരാകേണ്ടതുമാണ്.

വി.എസ്. ഉഷാകുമാരി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ
2. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
3. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

(1–4: സി.എ. മുഖാന്തിരം)

5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)
6. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും